## വിലപിക്കുന്നവർ

**I. "വിലപിക്കുന്നവർ അനുഗൃഹീതർ, അവർക്ക് ആശ്വാസം ലഭിക്കും"**

- വിലപിക്കുകയെന്നാൽ ആഴമായ ദുഃഖമോ പശ്ചാത്താപമോ തോന്നുകയോ കാണിക്കുകയോ ചെയ്യുക എന്നാണ്
  - ആകമാന ലോകസാഹചര്യം ദൈവത്തിന്റെ വ്യവസ്ഥയോട് പ്രതിലോമകരമാണ്.
  - ഇങ്ങനെയുള്ള ഒരു സാഹചര്യത്തെച്ചൊല്ലി നാം വിലപിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.
- ചുറ്റുപാടുകൾക്കും, ഇപ്പോഴത്തെ തലമുറയ്ക്കും, ലോകത്തിലെ ജനത്തിനും ദൈവത്തെ വേണ്ടാതിരിക്കുകയും, ദൈവത്തെ എതിർക്കുകയും, ദൈവത്തിനെതിരെ മത്സരിക്കുകയും ചെയ്യുന്നതുകൊണ്ട് ആത്മാവിൽ ദരിദ്രനും ദൈവത്തെ അന്വേഷിക്കുന്നവനുമായ ഒരു വിശുദ്ധൻ വിലപിക്കും
  - ദൈവത്തെ നേടുന്നതിലൂടെയും അവന്റെ ഭരണത്തിൻ കീഴിൽ വരുന്നതിലൂടെയും നമ്മുടെ ദുഃഖിതമായ ഹൃദയം ആശ്വസിപ്പിക്കപ്പെടുന്നു; എങ്കിലും, വരാനിരിക്കുന്ന രാജ്യത്തിലും ഭാവികാല നിത്യതയിലും നമ്മുടെ ആശ്വാസം വലുതും സമ്പന്നവുമായിരിക്കും
- സ്വർഗരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുന്ന ഒരു വിശ്വാസി മിക്കപ്പോഴും വിലപിക്കുന്നു
  - ഇങ്ങനെയുള്ള വിലപിക്കുന്നതിന്റെ ഹേതു ദൈവവും അവന്റെ ആധിപത്യവുമാണ്
- നാം ആത്മാവിൽ ദരിദ്രരാണെങ്കിൽ, തീർച്ചയായും നാം വിലപിക്കും
  - ദൈവജനത്തിനിടയിലെ ദരിദ്രമായ സാഹചര്യത്തിനായും നമ്മുടെ സ്വന്തം അവസ്ഥയ്ക്കായും നമുക്ക് ദുഃഖവും സങ്കടവും തോന്നും
  - ക്രിസ്തുവിങ്കലേക്ക് നോക്കുമ്പോൾ, നാം സന്തുഷ്ടരും സന്തോഷിക്കുന്നവരുമാണ്, എന്നാൽ നമ്മിലേക്കും നമ്മുടെ ചുറ്റുമുള്ള മറ്റുള്ളവരിലേക്കും നോക്കുമ്പോൾ, നാം വിലപിക്കേണ്ടതുണ്ട്.

## സൗമ്യതയുള്ളവർ

**II. "സൗമ്യതയുള്ളവർ അനുഗൃഹീതർ, അവർ ഭൂമിയെ അവകാശമാക്കും"**

- സൗമ്യതയുള്ളവരായിരിക്കുകയെന്നാൽ ലോകത്തിന്റെ എതിർപ്പിനെ ചെറുക്കാതെ അതിനെ മനസ്സോടെ സഹിക്കുക എന്നാണ്
- നാം ആത്മാവിൽ ദരിദ്രരും മറ്റുള്ളവരുടെ ദയനീയമായ സാഹചര്യത്തെക്കുറിച്ച് വിലപിക്കുന്നവരുമാണെങ്കിൽ, സ്വതവേ നാം സൗമ്യരായിരിക്കും
  - സൗമ്യത എന്ന നന്മ ഉണ്ടായിരിക്കുകയെന്നാൽ, വിട്ടുകൊടുക്കുവാൻ നാം മനസ്സുള്ളവരാണ് എന്നാണ്
- മറ്റുള്ളവരോട് നാം സൗമ്യതയുള്ളവരായിരിക്കുമ്പോൾ, നാം ഇരുട്ടിന്റെ ശക്തിക്കെതിരെ പോരാടണം. ശത്രു മറ്റുള്ള ആളുകളല്ല
- ഈ യുഗത്തിൽ ലോകത്തിന്റെ എതിർപ്പിനെ സഹിക്കുവാൻ മനസ്സുള്ളവരായി നാം സൗമ്യത ഉള്ളവരാണെങ്കിൽ, വരാനിരിക്കുന്ന യുഗത്തിൽ നാം ഭൂമിയെ അവകാശമാക്കും
- കർത്താവായ യേശു തന്നെക്കുറിച്ചുതന്നെ പറഞ്ഞു, "ഞാൻ ഹൃദയത്തിൽ സൗമ്യതയുള്ളവനാകുന്നു"
  - സൗമ്യത ദിവ്യജീവനാലുള്ള ക്രിസ്തുവിന്റെ മനുഷ്യത്വത്തിലെ ഒരു നന്മയാണ്.
  - ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഈ ഇഴുകിച്ചേരലിലൂടെ സൗമ്യത എന്ന നന്മ പ്രകടമായി.
  - കർത്താവായ യേശു പോരാടുവാനല്ല, സൗമ്യനായ രാജാവായിരിക്കുവാൻ വന്നു
- സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും
  - നാം സ്വർഗരാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുകയും രാജ്യത്തിൽ പങ്കുചേരുകയും ചെയ്യുന്നുവെങ്കിൽ, നാം ദൈവരാജ്യം അവകാശമാക്കും
  - ദൈവരാജ്യം അവകാശമാക്കുന്നത് വീണ്ടുംജനനത്തിലൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിൽനിന്നും വ്യത്യസ്തമാണ്

## സമാധാനം ഉണ്ടാക്കുന്നവർ

**III. "സമാധാനം ഉണ്ടാക്കുന്നവർ അനുഗൃഹീതർ, അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും"**

- മത്സരിയായ സാത്താനാണ് എല്ലാ മത്സരത്തിന്റെയും ദുഷ്പ്രേരകൻ
- സ്വർഗരാജ്യത്തിനായി, അതിന്റെ സ്വർഗീയ ഭരണത്തിൻകീഴിൽ, നാം മനുഷ്യരുടെ ഇടയിൽ സമാധാനമുണ്ടാക്കുന്നവർ ആയിരിക്കണം
  - നമ്മുടെ പിതാവ് സമാധാനപൂർണമായ സ്വഭാവത്തോടുകൂടിയ സമാധാനപൂർണമായ ജീവനുള്ള, സമാധാനത്തിന്റെ ദൈവമാണ്
  - അവനിൽനിന്ന് ജനിച്ചവരായ നാം സമാധാനം ഉണ്ടാക്കുന്നവരാകണമെങ്കിൽ, നാം അവന്റെ ദിവ്യജീവനിലും അവന്റെ ദിവ്യ സ്വഭാവത്തിനൊത്തവണ്ണവും നടക്കണം
  - ഈ വിധത്തിൽ നാം അവന്റെ ജീവനും സ്വഭാവവും ആവിഷ്കരിക്കുകയും ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടുകയും ചെയ്യും.
- അനുഗൃഹീതരായ സമാധാനമുണ്ടാക്കുന്നവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും
  - വിശ്വാസികൾ ദൈവത്തിന്റെ മക്കളാണ്, പിന്നീട് അവർ ക്രമേണ ദൈവത്തിന്റെ പുത്രന്മാരായിത്തീരുവാൻ വളരുന്നു.
  - തന്റെ രക്ഷയിൽ ദൈവം പാപികളെ പുത്രന്മാരാക്കുന്നു.
  - റോമാലേഖനത്തിന്റെ കേന്ദ്ര ചിന്ത, ദൈവം തന്റെ രക്ഷയിൽ പാപികളെ തന്റെ ജീവനാലും സ്വഭാവത്താലും തന്റെ പുത്രന്മാരാക്കുന്നു എന്നതാണ്, അങ്ങനെ അവർ തന്റെ ആവിഷ്കാരത്തിനായി ക്രിസ്തുവിന്റെ ശരീരത്തിന്റെ ഘടകാംശങ്ങളായിത്തീരുന്നു
  - ഗലാത്യർ 3:26 പറയുന്നു: "നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിലുള്ള വിശ്വാസം മുഖാന്തരം ദൈവപുത്രന്മാർ ആകുന്നു"
  - ക്രിസ്തുവിലുള്ള വിശ്വാസം നമ്മെ ക്രിസ്തുവിലേക്ക് കൊണ്ടുവരികയും പുത്രത്വം ഉള്ളവനായ ക്രിസ്തുവുമായി ഒന്നാക്കുകയും ചെയ്യുന്നു
  - ക്രിസ്തുവിൽ നാം ദൈവപുത്രന്മാരാകത്തക്കവണ്ണം വിശ്വാസം മുഖാന്തരം നാം ക്രിസ്തുവുമായി ഏകീഭവിക്കണം